"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിനോദസഞ്ചാര വകുപ്പ് - ഇടുക്കി യാത്രി നിവാസിൽ പുതുതായി നിർമ്മിക്കുന്ന മുറികളുടെ വാടക നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദസഞ്ചാര (സി)വകുപ്പ്**

സ.ഉ.(സാധാ) നം.175/2026/TSM തീയതി,തിരുവനന്തപുരം, 11-03-2026

---

പരാമർശം:-

1. 21.11.2019 തീയതിയിലെ സ. ഉ. (സാധാ)നം. 425/2019/ടി.എസ്.എം
2. 11.10.2024 തീയതിയിലെ സ. ഉ. (സാധാ)നം. 524/2024/ടി.എസ്.എം
3. വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ 10.11.2025 ലെ DOT/2739/2025-HA2 നം കത്ത്.

**ഉത്തരവ്**

"കൺസ്ട്രക്ഷൻ ഓഫ് യാത്രി നിവാസ് അറ്റ് ഇടുക്കി -ബാലൻസ് വർക്ക്" എന്ന പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലാണെന്നും പുതുതായി നിർമ്മിക്കുന്ന ഇടുക്കി യാത്രി നിവാസിൽ ഒരു സ്യൂട്ട് റൂം, 10 ഡബിൾ റൂം, മൂന്ന് ഡോർമിറ്ററി എന്നീ സൗകര്യങ്ങളാണ് ഒരുക്കിയിരിക്കുന്നതെന്നും യാത്രി നിവാസിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് മുമ്പ് മുറികളുടെ വാടക നിശ്ചയിച്ച് നൽകണമെന്ന് വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

(2)സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നിർമ്മാണ പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലായതിനാലും യാത്രി നിവാസിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് മുമ്പ് മുറികളുടെ വാടക നിശ്ചയിക്കേണ്ടതുള്ളതിനാലും ഇടുക്കി യാത്രി നിവാസിൽ പുതുതായി നിർമ്മിക്കുന്ന മുറികളുടെ വാടക ചുവടെ ചേർത്തിരിക്കുന്ന പ്രകാരം നിശ്ചയിച്ച് ഉത്തരവാകുന്നു.

| ക്രമ നം | മുറികളുടെ വിവരം | എണ്ണം | AC നിരക്ക് | Non AC നിരക്ക് |
|---|---|---|---|---|
| 1 | ഡബിൾ | 10 | 1500 | 1000 |

| | | | | |
|---|---|---|---|---|
| 2 | സ്യൂട്ട് | 1 | 3000 | 2500 |
| 3 | ഡോർമിറ്ററി<br>ബെഡ് -50 | 3 | 500/bed | 200/bed |

(3) നിർമ്മാണം പൂർത്തീകരിച്ച് ഇടുക്കി യാത്രി നിവാസിന്റെ പ്രവർത്തനം ആരംഭിക്കുന്ന മുറക്ക് നിരക്കുകൾ പ്രാബല്യത്തിൽ വരുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡി.ജഗദീഷ്

അഡിഷണൽ സെക്രട്ടറി

1. ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ്
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, കേരള, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് 1& ഓഡിറ്റ് 11). കേരള, തിരുവനന്തപുരം
4. മാനേജർ, ഇടുക്കി യാത്രി നിവാസ് (വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ മുഖേന)
5. ധനകാര്യ വകുപ്പ്

6 പൊതുഭരണ (പ്രോട്ടോക്കോൾ ) വകുപ്പ്

7. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ ) വകുപ്പ്

8.കരുതൽ ഫയൽ /ഓഫീസ് കോപ്പി(C1/486/2025-TOUR)

ഉത്തരവിൻ പ്രകാരം

**Signed by Sajila T**
**Date: 11-03-2026 15:01:30**
സെക്ഷൻ ഓഫീസർ

പകർപ്പ് :

ബഹു.വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി എ

വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി എ